**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 115** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തുറമുഖ വകുപ്പിന് കീഴിലുള്ള നിഷ്ക്രീയ ആസ്തികൾ വികസിപ്പിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തുറമുഖ വകുപ്പിന് കീഴിലുള്ള നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** തുറമുഖ വകുപ്പിന് കീഴിൽ ഉണ്ടായിരുന്നതും നിലവിൽ കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതുമായ നിഷ്ക്രിയ ആസ്തികളെ കേരള മാരിടൈം ബോർഡിനും സംസ്ഥാന സർക്കാരിനും വരുമാനം ലഭ്യമാക്കുന്ന രീതിയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിലും വികസിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരികയാണ്. ഇത്തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന തുറമുഖ ഭൂമികളും കെട്ടിടങ്ങളും അളന്ന് തിട്ടപ്പെടുത്തി കേരള മാരിടൈം ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനും, കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, സാധ്യമായ ആസ്തികൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി വികസിപ്പിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇതിനായി കേരള മാരിടൈം ബോർഡ് ഒരു Project Management Unit (PMU) നെ നിയോഗിച്ചിട്ടുണ്ട്. നോൺ-മേജർ തുറമുഖങ്ങളുടെ കീഴിലുള്ള ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി കേരള മാരിടൈം ബോർഡിന്റെ പേരിലാക്കുന്നതിനായി ടെൻഡർ മുഖേന സർവ്വേ ഏജൻസികളെ തിരഞ്ഞെടുത്ത് വിവിധ ജില്ലകളിലായി സർവ്വേ നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ 02/03/2026 തീയതിയിലെ സ.ഉ(കൈ)നം.5/2026/F&PD പ്രകാരം നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടും, 26/02/2026 തീയതീയിലെ സ.ഉ(കൈ)നം.3/2026/F&PD പ്രകാരം കോഴിക്കോട് സൗത്ത് ബീച്ചിലെ 2.5 ഏക്കർ തുറമുഖ ഭൂമി, പൊന്നാനിയിലെ 29 ഏക്കർ തുറമുഖ ഭൂമി, കൊല്ലം ആശ്രാമത്തെ 1.77 ഏക്കർ തുറമുഖ ഭൂമി എന്നിവയും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പി പി പി മോഡലിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**